**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1123** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>തൃശ്ശൂർ, തലപ്പിള്ളി താലൂക്കുകളിലെ ഡിജിറ്റൽ സർവേ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** തൃശ്ശൂർ, തലപ്പിള്ളി താലൂക്കുകളിലെ ഏതെല്ലാം വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വേ പുരോഗമിക്കുന്നത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തൃശ്ശൂർ താലൂക്കിലെ കിഴക്കുമുറി, ആലപ്പാട്, ചാഴൂർ, കുർക്കഞ്ചേരി, കിഴപ്പിള്ളിക്കര, ഇഞ്ചമുടി, വടക്കുമുറി, കാരമുക്ക്, പടിയം, മനക്കൊടി, കണിമംഗലം, വെള്ളാനിക്കര, പുള്ള്, ചാലക്കൽ, കുറമ്പിലാവ് (ആകെ 15 എണ്ണം), തലപ്പിള്ളി താലൂക്കിലെ കോട്ടപ്പുറം, പാഞ്ഞാൾ, ചിറ്റണ്ട, തലശ്ശേരി, കാഞ്ഞിരക്കോട് (ആകെ 5 എണ്ണം) ഉൾപ്പെടെ രണ്ട് താലൂക്കിലുമായി ആകെ 20 വില്ലേജുകൾ ഡിജിറ്റൽ സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ "13 വിജ്ഞാപനം" പ്രസിദ്ധീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്.

കൂടാതെ തൃശ്ശൂർ താലൂക്കിലെ അടാട്ട്, പുത്തൂർ, ചിയ്യാരം, തൃശ്ശൂർ, കിള്ളന്നൂർ എന്നീ വില്ലേജുകൾ ഡിജിറ്റൽ സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

തൃശ്ശൂർ താലൂക്കിലെ അന്തിക്കാട്, പാണഞ്ചേരി, പുള്ള്, മുളയം, ആറാട്ടുപുഴ, മാടക്കത്തറ, അരണാട്ടുകര, ഒല്ലൂക്കര (8എണ്ണം), തലപ്പിള്ളി താലൂക്കിലെ കിള്ളിമംഗലം, ചേലക്കര, എങ്കക്കാട് (3 എണ്ണം) ഉൾപ്പെടെ 11 വില്ലേജുകളിൽ ഡിജിറ്റൽ സർവെ ജോലികൾ പുരോഗമിക്കുന്നു.

**(ബി)** പ്രസ്തുത വില്ലേജുകളിൽ ഓരോന്നിലും ഡിജിറ്റൽ സർവ്വേ എത്ര ശതമാനം പൂർത്തിയായെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത 11 വില്ലേജുകളിലെ ഡിജിറ്റൽ സർവെ പദ്ധതിയുടെ പുരോഗതി സംബന്ധിച്ചുള്ള ശതമാനക്കണക്ക് അനുബന്ധം - 1 ആയി ചുവടെ ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം -1**

| ക്രമ നമ്പർ | താലൂക്ക് | വില്ലേജ് | പുരോഗതി |
|---|---|---|---|
| 1 | തൃശ്ശൂർ | അന്തിക്കാട് | 99% |
| 2 | തൃശ്ശൂർ | പാണഞ്ചേരി | 22% |
| 3 | തൃശ്ശൂർ | പുള്ള് | 96% |
| 4 | തൃശ്ശൂർ | മുളയം | 52% |
| 5 | തൃശ്ശൂർ | ആറാട്ടുപുഴ | 86% |
| 6 | തൃശ്ശൂർ | മാടക്കത്തറ | 12% |
| 7 | തൃശ്ശൂർ | അരണാട്ടുകര | 41% |
| 8 | തൃശ്ശൂർ | ഒല്ലൂക്കര | 7% |
| 9 | തലപ്പിള്ളി | കിള്ളിമംഗലം | 90% |
| 10 | തലപ്പിള്ളി | ചേലക്കര | 99% |
| 11 | തലപ്പിള്ളി | എങ്കക്കാട് | 85% |